4. എൻ. എച്ച്. 49, കവളങ്ങാട് പഞ്ചായത്തിലെ വെള്ളാമക്കുന്ന് പാലത്തിന്റെ അപകടാവസ്ഥ

ശ്രീ. വി. ജെ. പൗലോസ്: സർ, എൻ.എച്ച്. 49 കൊച്ചി മധുര ഹൈവേയിൽ കവളങ്ങാട് പഞ്ചായത്തിലെ വെള്ളാമക്കുന്ന് പാലം അപകട സ്ഥിതിയിലായിട്ട് വർഷങ്ങളായി. ഈ പാലത്തിന് ഉദ്ദേശം 100 വർഷത്തിലധികം പഴക്കമെങ്കിലുമുണ്ടാകും. രാജഭരണകാലത്ത് നിർമ്മിച്ചിട്ടുള്ള പാലമാണ്. അപകട സൂചനയുള്ളതുകൊണ്ട് ഇരുമ്പ് റെയിൽ മുറിച്ച് താങ്ങ് കൊടുത്താണ് പാലം ഇപ്പോൾ നിർത്തിയിട്ടുള്ളത്. രണ്ട് ആഴ്ച മുമ്പ് പാലത്തിന് കേടുപാടുകൾ സംഭവിക്കുകയും പാലത്തിന്റെ മണ്ണ് ഇളകി വാഹനം ഓടാൻ പറ്റാത്ത സ്ഥിതിയിൽ എത്തുകയും രണ്ട് ദിവസം വാഹന ഗതാഗതം നിർത്തിവയ്ക്കുകയും ചെയ്ത സാഹചര്യമുണ്ടായി. ഈ പാലം അപകടത്തിലായെന്ന് അറിഞ്ഞിട്ട് വർഷങ്ങളായെങ്കിലും ലാൻഡ് അക്വിസിഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി അതിന്റെ എസ്റ്റിമേറ്റ് കോസ്റ്റ് സെൻട്രലിലേയ്ക്ക് അയച്ചിട്ട് ഒരു വർഷം കഴിഞ്ഞു എന്നാണ് അറിയാൻ കഴിഞ്ഞത്. ഇതുവരെ ലാൻഡ് അക്വിസിഷന് അനുമതി കിട്ടിയിട്ടില്ല. ഈ പാലം അപകടത്തിലായിട്ട് ഒരു deviation propose ചെയ്യാൻ പോലും കഴിയാത്ത ഗതികേട് മനസ്സിലാക്കി അടിയന്തിരമായി അവിടെ പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): മധുര കൊച്ചി നാഷണൽ ഹൈവേയിൽ കോതമംഗലം എൻ.എച്ച്. സെക്ഷനിൽ ഉൾപ്പെട്ട കവളങ്ങാട് പഞ്ചായത്തിലെ വെള്ളാമക്കുന്ന് പാലം പുതുക്കിപ്പണിയേണ്ടതാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിയന്തിര സാഹചര്യം കണക്കിലെടുത്ത് പാലത്തിനുണ്ടായിട്ടുള്ള ബലക്ഷയത്തെപ്പറ്റി പരിശോധന നടത്തുകയും പാലം പുതുക്കിപ്പണിയേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടത് അനുസരിച്ച് അതിനുവേണ്ടി ഒൻപതര ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ അനുമതിക്കായി 24-5-2003-ൽ സമർപ്പിച്ചിരിക്കുകയാണ്. കേന്ദ്രാനുമതി ലഭിക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അനുമതി ലഭിച്ചാൽ എത്രയുംവേഗം പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

5. പെരുമ്പാവൂർ ഗവൺമെന്റ് ആശുപത്രിയുടെ പ്രധാന കെട്ടിടത്തിന്റെ ഒന്നാം നില ജീർണ്ണിച്ച് തകർന്നുവീഴാറായതിനാൽ എത്രയുംവേഗം പുനർനിർമ്മാണം നടത്തേണ്ടത് സംബന്ധിച്ച്

ശ്രീ. സാജു പോൾ : സർ, 17 ലക്ഷം രൂപ ചെലവഴിച്ച് 1984-ൽ നിർമ്മാണം ആരംഭിച്ച കുന്നത്തുനാട് താലൂക്കിലെ ഏറ്റവും പ്രധാനപ്പെട്ട പെരുമ്പാവൂർ ഗവൺമെന്റ് ആശുപത്രിയുടെ പ്രധാന കെട്ടിടത്തിന്റെ പണി 1991-ൽ പൂർത്തിയായി. കെട്ടിടത്തിന്റെ ഒന്നാം നില പൂർണമായും ജീർണാവസ്ഥയിൽ ഉപയോഗശൂന്യമായിരിക്കുകയാണ്. വളരെ അപകടാവസ്ഥയിലായ ഈ കെട്ടിടത്തിന്റെ ഗുരുതരാവസ്ഥ സംബന്ധിച്ച്, അതിന്റെ നിർമ്മാണത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

അപാകതകളെക്കുറിച്ച് അന്വേഷിക്കണമെന്നും അടിയന്തിരമായി പുനർനിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : പെരുമ്പാവൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് 2-7-1984-ൽ ആരംഭിച്ചു. 15-11-1991-ൽ പണി പൂർത്തിയാക്കി കെട്ടിടത്തിന്റെ മെയിൻ ബ്ലോക്ക് 1992-ൽ ഉദ്ഘാടനം ചെയ്തുവെങ്കിലും കെട്ടിടത്തിന്റെ ഒന്നാം നിലയുടെ ഏകദേശം പകുതിഭാഗം കോൺക്രീറ്റ് അടർന്നുവീണ് ബീമുകൾ പൊട്ടി അപകടാവസ്ഥയിലാണ്. പഞ്ചായത്തിരാജ് ആക്ട് നിലവിൽ വന്നതിനുശേഷം 1995-ൽ ഈ കെട്ടിടത്തിന്റെ സംരക്ഷണ ചുമതല പെരുമ്പാവൂർ മുനിസിപ്പാലിറ്റി ഏറ്റെടുത്തു. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് കെട്ടിടത്തിന്റെ പുനർനിർമ്മാണം വളരെ അത്യാവശ്യമാണ്. പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗശൂന്യമായ ഭാഗത്തിന്റെ പുനർ നിർമ്മാണത്തിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കേണ്ടത് പെരുമ്പാവൂർ നഗരസഭയാണ്.

മി. സ്പീക്കർ : 1991-ൽ കെട്ടിയ കെട്ടിടം ഇതിനിടയിൽ ഇടിഞ്ഞിരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് അന്വേഷണം നടത്തണം. ബന്ധപ്പെട്ടവർക്കുനേരെ ആക്ഷൻ എടുക്കേണ്ടേ ? അന്വേഷിക്കണം.

ശ്രീ. എം. കെ. മുനീർ : നഗരസഭയ്ക്ക് കൈമാറിയ സാഹചര്യത്തിൽ തുടർനടപടികൾ ചെയ്യേണ്ടത് അവരാണ്. അക്കാര്യം തീർച്ചയായും അന്വേഷിക്കുന്നതാണ്.

6. പമ്പാ നദീതട വികസന അതോറിറ്റി രൂപീകരണം

ശ്രീ. ജോസഫ്. എം. പുതുശ്ശേരി : സർ, പമ്പാനദിയെ ദേശീയ നദീ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പ ആക്ഷൻ പ്ലാനിന് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിരിക്കുകയാണ്. ഇതിന്റെ തുടർ നടപടികളായി സംസ്ഥാന ഗവൺമെന്റിന് ഒട്ടേറെ കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. 30 ശതമാനം ഫണ്ട് കണ്ടെത്തണം ; മോണിട്ടറിംഗ് സംവിധാനം ഉണ്ടാക്കണം. ഓരോ പദ്ധതിയുടേയും വിശദമായ രേഖകൾ തയ്യാറാക്കി എസ്.സി.ആർ.ഡി.ക്ക് സമർപ്പിക്കേണ്ടതായിട്ടുണ്ട്. പദ്ധതിയുടെ ആദ്യഭാഗമാണ് അനുവദിച്ച് കിട്ടിയിരിക്കുന്നത്. ശബരിമല-പമ്പ മുതൽ തകഴി വരെയുള്ള പ്രദേശങ്ങളിലെ മാലിന്യ സംസ്ക്കരണം, ശബരിമല തീർത്ഥാടകർക്കുള്ള ഇടത്താവളങ്ങൾ, കുളിക്കടവുകൾ, മഴവെള്ള സംഭരണ സംവിധാനങ്ങൾ, പമ്പയുടെ കൈവഴികളായ വരട്ടാർ, കോലയാർ എന്നിവയുടെ പുനരുദ്ധാരണം ഇങ്ങനെ ഒട്ടേറെ പരിപാടികൾ ഉൾക്കൊള്ളിച്ചുള്ള വിശദമായ പദ്ധതിയാണ്. ഇതിന്റെ ആദ്യഭാഗമാണ് അംഗീകരിച്ചിരിക്കുന്നത്. ബാക്കിയുള്ളവയ്ക്ക് അനുവാദം കിട്ടാനുള്ള നടപടികൾ ഉണ്ടാകണം. ഈ ആക്ഷൻ പ്ലാനിന്റെ നടത്തിപ്പിന് പമ്പാനദീതട വികസന അതോറിറ്റി

LIBRARY ARCHIVES Kerala Legislative Assembly